കത്തുകൾ

# ഇസ്‌ലാം-കമ്യൂണിസം സംവാദം ഒരു വഴിത്തിരിവ്

***പ്രബോധനം*** 23-ാം ലക്കം കമ്യൂണിസം-ഇസ്‌ലാം സംവാദത്തിന്റെ പ്രസക്തി എന്ന മുഖക്കുറിപ്പിനെ അനുകൂലിച്ച് പ്രഫ. കെ. അഹ്മദ് കുട്ടി ശിവപുരം എഴുതിയ 'കമ്യൂണിസം ഇസ്‌ലാമാകുമ്പോൾ' എന്ന കാഴ്ചപ്പാട് വളരെ ചിന്തനീയവും സമകാലികവുമായി. ലോകത്ത് ചർച്ച ചെയ്യപ്പെടുന്ന രണ്ട് പ്രത്യയശാസ്ത്രങ്ങളാണ് ഇസ്‌ലാമും കമ്യൂണിസവും. ഇവ രണ്ടും കടലും കടലാടിയുമാണെന്നാണ് പലരും ധരിച്ചുവെച്ചിരുന്നത്. ഇതിനെ ദൃഢപ്പെടുത്തുന്ന ഫത്‌വകളും രചനകളുമാണ് മുസ്‌ലിം പണ്ഡിതന്മാരിൽനിന്നും കമ്യൂണിസ്റ്റ് ചിന്തകരിൽനിന്നും കിട്ടിക്കൊണ്ടിരുന്നത്. ഒരുവേള മതനിരാസമാണ് കമ്യൂണിസം എന്നു വരെ എഴുതിപ്പിടിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു കാൾമാർക്സ് ഉൾപ്പെടെയുള്ളവർ. കമ്യൂണിസം പിന്തള്ളപ്പെട്ടവരെ ഉയിർത്തെഴുന്നേൽപിക്കുക എന്ന ഇസ്‌ലാമിക തത്ത്വത്തിന്റെ മറ്റൊരു നിർവചനമാണെന്ന സത്യം പുറംലോകം അറിയാതെ പോയി. ആ മാർഗത്തിലുള്ള ശ്രമങ്ങൾ ധർമസമരമാണെന്ന വിശുദ്ധ ഖുർആന്റെ പ്രഖ്യാപനം കമ്യൂണിസത്തിന്റെയും സത്തയാണെന്ന യാഥാർഥ്യവും ലോകം കാണാതെ പോയി.

അർഥം പറയാനും വ്യാഖ്യാനിക്കാനും പാടില്ലാത്ത, അലമാരയിൽ കൈയെത്താത്ത വിധം ഒതുക്കിവെക്കേണ്ട ഒരു മതഗ്രന്ഥമായി ഖുർആനെ കേവലം ഒരു പൂജാ ഗ്രന്ഥമായി പരിചയപ്പെടുത്തി ഭൂരിപക്ഷ സമൂഹത്തെ ഇരുട്ടിൽ തന്നെ കുടിയിരുത്താനാണ് പണ്ഡിതന്മാർ ശ്രമിച്ചത്. ചന്ദ്രനിൽ താമസത്തിന് ഇടംതേടുന്ന മനുഷ്യന് അതും അപ്രാപ്യമല്ല എന്ന് ഖുർആൻ വചനത്തിൽനിന്ന് വായിച്ചെടുക്കാൻ സാധിക്കുംവിധമാണ് പ്രഫ. അഹ്മദ് കുട്ടിയെപ്പോലുള്ളവരുടെ ഖുർആൻ വീക്ഷണം എന്ന് കരുതുന്നു.

പ്രവാചകനായ ഇബ്റാഹീം നബിയും മുഹമ്മദ് നബിയും അല്ലാഹുവിന്റെ ആജ്ഞ നിർവഹിക്കാൻ പ്രയത്നിച്ച സാമൂഹിക പ്രക്രിയയാണ് 'ഉമ്മത്ത്' എന്നും ഇത് കമ്യൂൺ എന്ന ആശയസമഗ്രത ഉൾക്കൊള്ളുന്ന പദമാണെന്നുമുള്ള പ്രഫ. അഹ്മദ് കുട്ടിയുടെ കണ്ടെത്തലുകൾ രണ്ട് പ്രത്യയശാസ്ത്രങ്ങൾ ഗുണപരമായി പരസ്പരം സംവദിക്കുന്നതിന് സന്ദർഭം നൽകുന്നു. പരിശുദ്ധ ഖുർആന്റെയും ഹദീസിന്റെയും ആന്തരികത ഉൾക്കൊള്ളുന്ന മുഖക്കുറിപ്പും കാഴ്ചപ്പാടും ബഹുജനസമക്ഷം സമർപിക്കുന്ന *പ്രബോധന*ത്തിന് അഭിനന്ദനങ്ങൾ!

**കെ.ടി.എ സലീം പൊതുവാച്ചേരി**
**കണ്ണൂർ**

# ആ സർവേ ആധികാരികമോ?

**കേരളീയ** മുസ്‌ലിംകളുടെ വായനാ വിശേഷത്തെക്കുറിച്ച് *പ്രബോധനം* അറുപതാം വാർഷികപ്പതിപ്പിൽ എൻ.പി ഹാഫിസ് മുഹമ്മദ് എഴുതിയ ലേഖനം ശ്രദ്ധേയമായി. എങ്കിലും ലേഖനത്തോടൊപ്പം ചേർത്ത സർവേ റിപ്പോർട്ട് സമഗ്രതയിൽ ശുഷ്കമായിപ്പോയി. ഒരു സമൂഹത്തിന്റെ സവിശേഷതകൾ സമാഹരിക്കാൻ ആധാരമാക്കുന്ന അതിന്റെ അംശം (sample), പ്രാതിനിധ്യപരവും പര്യാപ്തവും ആയിരിക്ക

ണമെന്നുണ്ട്.

കേരള മുസ്‌ലിം വിദ്യാർഥികളുടെ വായനാലോകം അപഗ്രഥിക്കാനാണ് ലേഖകൻ ശ്രമിച്ചതെങ്കിൽ, സംസ്ഥാനമൊട്ടും വ്യാപിച്ചുകിടക്കുന്ന കോളേജുകളിൽനിന്ന് പ്രാതിനിധ്യപരമായി സാമ്പിളുകൾ ശേഖരിച്ച് വിവരങ്ങൾ അപഗ്രഥിക്കേണ്ടിയിരുന്നു. അതല്ലാതെ ഏതെങ്കിലും ഒരു ഭാഗത്തെ ഒരു കോളേജിൽനിന്നോ ഏതാനും കോളേജുകളിൽനിന്നോ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥനം നടത്തി വെളിവാകുന്ന കാര്യങ്ങൾ, ഒരു സംസ്ഥാനമാകെ വ്യാപിച്ചു കിടക്കുന്ന സമൂഹത്തിന്റെ സവിശേഷതകളാണെന്ന് പറയുക വയ്യ. മാത്രവുമല്ല, ശതമാനക്കണക്കുകൾക്ക് ഒപ്പം എത്ര പേരിൽ സർവേ നടത്തിയെന്നും അത് മൊത്തം സമൂഹത്തിന്റെ എത്ര ഭാഗം വരുമെന്നു കൂടി പറയേണ്ടിയിരുന്നു. എങ്കിലേ വിശ്വാസയോഗ്യമായ ഒരു സർവേയുടെ കണ്ടെത്തലായി അതിനെ ഗണിക്കാൻ വായനക്കാരന് കഴിയൂ.

**എം.പി അബ്ദുൽ മുനീർ**
**ഈസ്റ്റ് കോഡൂർ, മലപ്പുറം**

# *പ്രബോധനം*

# മുഖ്യധാരയെ ലക്ഷ്യംവെക്കണം

***പ്രബോധനം*** അറുപതാം വാർഷികപ്പതിപ്പ് കൈയിൽ കിട്ടിയപ്പോൾ ആദ്യം വായിച്ചത് ടി.കെ ഉബൈദിന്റെ '*പ്രബോധനം*- ഇന്നലെ ഇന്ന്' എന്ന ഹൃദയത്തിൽ തൊടുന്ന ലേഖനമായിരുന്നു. വാർഷികപ്പതിപ്പിലെ ബൗദ്ധിക എഴുത്തിനേക്കാൾ ആദ്യം അറിയേണ്ടിയിരുന്നത് *പ്രബോധനം* ജനിച്ചതും നീന്തിത്തുടങ്ങിയതും പിച്ചവെച്ച് നടന്നതുമായ കാലഘട്ടത്തെ സംബന്ധിച്ചായിരുന്നു. ആ നിർണായക കാലയളവിൽ *പ്രബോധന*ത്തെ സംരക്ഷിച്ചവരും പിന്തുണ നൽകിയവരും അക്ഷരാർഥത്തിൽ ഒരു വിപ്ലവം തന്നെയാണ് ഊതിക്കത്തിച്ചത്.

വിലകൊടുത്ത് വാങ്ങാനാവാത്തതു മൂലം *പ്രബോധനം* മുഴുവൻ കൈപ്പടയിൽ എഴുതിസൂക്ഷിച്ചവരുടെ കഥ വായിക്കുമ്പോഴാണ് ഒരു വാരിക സാധാരണക്കാരനെ 'സമ്പന്ന'നാക്കുന്നതിന്റെ മാജിക് മനസ്സിലാവുന്നത്. ലേഖനത്തിൽ പറഞ്ഞതുപോലെ, *പ്രബോധനം* ലക്കമനുസരിച്ച് ഭംഗിയോടെ ബൈന്റ് ചെയ്ത് സൂക്ഷിക്കുന്നവരുടെ കൂട്ടത്തിൽ എന്റെ പിതാവും ഉണ്ടായിരുന്നു. ഈ ബൈന്റിംഗ് ഒരു 'യൂസ്‌ലെസ്' പ്രവൃത്തിയായി കുട്ടിയായിരുന്ന എനിക്ക് അന്ന് തോന്നിയിരുന്നെങ്കിലും 'പ്രബോധന'ത്തിന്റെ കടലാസുകളെ അമൂല്യങ്ങളായി കരുതിയ ആ പഴയ തലമുറയുടെ ചെയ്തികളെ അസാമാന്യം എന്നു വേണം വിശേഷിപ്പിക്കാൻ.

ലേഖനം നാഴികക്കല്ല് എന്ന വാക്കിനെ അന്വർഥമാക്കുന്നുണ്ട്. *പ്രബോധന*ത്തിന്റെ ഓരോ നാഡിമിടിപ്പും ശ്വാസോഛ്വാസവും വായനക്കാരന് അനുഭവവേദ്യമാവുന്നു. ഒട്ടുമിക്ക സ്റ്റാഫിന്റെയും പേരെടുത്ത് ഉദ്ധരിക്കുന്ന ലേഖകൻ മതിയായ മുന്നൊരുക്കത്തോടെയാണ് അത്ഭുതകരമായ *പ്രബോധന*ത്തിന്റെ കഥയെഴുതാൻ തുനിഞ്ഞത് എന്ന് വ്യക്തം.

*പ്രബോധന*ത്തിന് തെറ്റുപറ്റുമ്പോൾ സ്വന്തത്തിന് തെറ്റു പറ്റിയതായുള്ള പ്രസ്ഥാന പ്രവർത്തകരുടെ മാനസികാവസ്ഥ ലേഖകൻ വിവരിക്കുമ്പോൾ *പ്രബോധന*വും പ്രവർത്തകരും തമ്മിൽ വേർതിരിക്കാൻ പറ്റാത്തവിധമുള്ള ഒരു ഇഴയടുപ്പത്തിന്റെ സുവർണകാലഘട്ടം ഓർമവരും.

മനുഷ്യരുടെ ജൈവദൗർബല്യം *പ്രബോധന*ത്തിനില്ല. അതുകൊണ്ടാണ് ഉമ്മറത്ത് ചാരുകസേരയിൽ വിശ്രമിക്കേണ്ട ഈ അറുപതാം വയസ്സിലും പ്രസരിപ്പുള്ള പതിനേഴുകാരന്റെ കൗമാരം അതിനെ വലയം ചെയ്തുനിൽക്കുന്നത്. *പ്രബോധന*ത്തിന്റെ ഇന്നലെയും ഇന്നിനെയും മാത്രമേ ലേഖകൻ പറഞ്ഞുവെച്ചിട്ടുള്ളൂ.

*പ്രബോധന*ത്തിന്റെ നാളെയെ അതിനെ ആസൂത്രണം ചെയ്യേണ്ടവരാണ് തീരുമാനിക്കേണ്ടത്. *പ്രബോധന*ത്തിന്റെ അഭിസംബോധിതർ മുസ്‌ലിം സമൂഹം മാത്രമല്ല എന്നതുകൊണ്ട് അതിന്റെ അടുത്ത വളർച്ചാഘട്ടം ലക്ഷ്യംവെക്കേണ്ടത് കേരളത്തിലെ മുഖ്യധാരാ ആനുകാലികങ്ങളിൽ ഒരിടം എന്നതാവണം.

**കെ.ബി ശരീഫ് വാണിയക്കാട്**

## കൃഷ്ണയ്യരും രാമനുണ്ണിയും

***പ്രബോധനം*** അറുപതാം വാർഷികപ്പതിപ്പിലെ 'ഇസ്‌ലാം അനുഭവ'ത്തിൽ, ജമാഅത്തെ ഇസ്‌ലാമി വർഗീയ പാർട്ടിയാണെന്ന് താൻ വിശ്വസിക്കുന്നില്ലെന്നും ജമാഅത്തിന്റെ നിരോധത്തെ താൻ എതിർത്തിരുന്നുവെന്നും വ്യക്തമാക്കിയ സർവാദരണീയനായ ജസ്റ്റിസ് കൃഷ്ണയ്യർ, ബി.ജെ.പിയും താനും തമ്മിൽ വളരെ മുമ്പേ അകൽച്ചയിൽ തന്നെയാണെന്നും അവർ വർഗീയ പാർട്ടിയാണെന്നും തുറന്നു പറഞ്ഞിരിക്കുന്നു.

കൃഷ്ണയ്യരുടെ ഈ നിരീക്ഷണവും രാഷ്ട്ര പിതാവ് ഗാന്ധിജിയുടെ നിരീക്ഷണവും ഒരേ ബിന്ദുവിൽ സന്ധിക്കുന്നതായി നമുക്കനുഭവപ്പെടുന്നു. "നന്മ പ്രചരിപ്പിക്കുകയും മനുഷ്യരെ സേവിക്കുകയും ഉച്ചനീചത്വം തുടച്ചുനീക്കുകയും തങ്ങൾ ദൈവദാസരാണെങ്കിൽ ദൈവത്തിന്റെ കൽപനകൾ അനുസരിക്കൂ എന്ന് ജനങ്ങളോട് പറയുകയും ചെയ്യുന്ന സാധുക്കൾ" (സർച്ച് ലൈറ്റ്, പാറ്റ്ന, 27 ഏപ്രിൽ 1946) എന്നായിരുന്നു ഗാന്ധിജി ജമാഅത്തിനെ പ്രകീർത്തിച്ചുകൊണ്ടെഴുതിയത്. ഹൈന്ദവ വർഗീയ ഫാഷിസ്റ്റ് പ്രസ്ഥാനമായ ആർ.എസ്.എസ്സിനെ 'സമഗ്രാധിപത്യ വീക്ഷണത്തോടു കൂടിയ വർഗീയ സംഘടനയായിട്ടാണ് അദ്ദേഹം വിശേഷിപ്പിച്ചത് (മഹാത്മാ ഗാന്ധി, *ലാസ്റ്റ് ഫെയ്സ്*, പ്യാരിലാൽ, പേജ് 450).

ജസ്റ്റിസ് താർക്കുണ്ഡേയുടെ നേതൃത്വത്തിൽ ജനാധിപത്യത്തിനും സാമുദായിക മൈത്രിക്കും വേണ്ടി രൂപീകരിക്കപ്പെട്ട എഫ്.ഡി.സി.എയുടെ പിന്നിൽ ജമാഅത്തെ ഇസ്‌ലാമി ഉണ്ടെന്ന് അറിയാമായിരുന്നിട്ടും, ജമാഅത്ത് വർഗീയ പാർട്ടിയല്ലെന്ന ഉത്തമ ബോധ്യമുള്ളതുകൊണ്ടാണ് എഫ്.ഡി.സി.എയിൽ പ്രവർത്തിച്ചതെന്ന് കൃഷ്ണയ്യർ വെളിപ്പെടുത്തുന്നു. ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച താർക്കുണ്ഡേയുടെ വീക്ഷണവും വ്യത്യസ്തമായിരുന്നില്ല. വർഗീയ ലഹളകളിൽ ജമാഅത്തെ ഇസ്‌ലാമി പങ്കെടുത്തതായി ഇതുവരെ ആരോപിക്കപ്പെട്ടിട്ടുപോലുമില്ലെന്നും ജമാഅത്ത് അംഗങ്ങളിൽ വർഗീയതയുടെ അംശം പോലും താൻ കണ്ടില്ലെന്നും അദ്ദേഹം തുറന്നെഴുതിയിട്ടുണ്ട് (Through humanist eys, Ajantha publishers, Delhi, 1997 pp 255, 269, 271, 354).

പ്രശസ്ത യുവ നോവലിസ്റ്റും ചിന്തകനുമായ കെ.പി രാമനുണ്ണിയുമായി നടത്തിയ അഭിമുഖത്തിൽ "ജമാഅത്തെ ഇസ്‌ലാമിയുടെയും സോളിഡാരിറ്റിയുടെയും എസ്.ഐ.ഒവിന്റെയും പല പരിപാടികളിലും ഞാൻ പങ്കെടുത്തിട്ടുണ്ട്. വളരെ സഹിഷ്ണുതയോടെയുള്ള, മതവിദ്വേഷത്തിന്റെ ഒരു കണികപോലുമില്ലാത്ത പെരുമാറ്റമാണ് എനിക്ക് അവരിൽനിന്നൊക്കെ അനുഭവിക്കാൻ കഴിഞ്ഞിട്ടുള്ളത്" എന്ന് അദ്ദേഹം സ്വാനുഭവത്തിന്റെ വെളിച്ചത്തിൽ വ്യക്തമാക്കുന്നു.

പ്രസ്ഥാനത്തെക്കുറിച്ച് പഠിക്കാതെയോ പഠിച്ചിട്ടും സ്ഥാപിത രാഷ്ട്രീയ താൽപര്യങ്ങളാലോ ജമാഅത്തിനെ പഴിപറയുന്നവരിൽനിന്നും വ്യത്യസ്തവും ശ്രദ്ധേയവുമാണ് സമാദരണീയ വ്യക്തിത്വങ്ങളുടെ സത്യസന്ധമായ നിരീക്ഷണങ്ങൾ.

**റഹ്മാൻ മധുരക്കുഴി**

## ചുരുക്കെഴുത്ത്

***പ്രബോധനം*** അറുപതാം വാർഷികപ്പതിപ്പ് കെട്ടിലും മട്ടിലും മികവ് പുലർത്തി. ഉള്ളടക്കത്തിലെ വൈവിധ്യവും വിഷയം തിരിച്ചുള്ള ലേഖനങ്ങളും ദീർഘ സംഭാഷ

ണങ്ങളും സംവാദവും കൂടിയായപ്പോൾ വളരെ ഹൃദ്യം.

ലേഖനങ്ങൾ ഓരോന്നും ഒന്നിനൊന്ന് മെച്ചം. അനുഭൂതിദായകവും മുഷിപ്പുളവാക്കാത്തതുമായ ഇത്തരം ഒരു പതിപ്പിറക്കിയ *പ്രബോധന*ത്തിനും അണിയറശില്‌പികൾക്കും ഒരായിരം അഭിനന്ദനങ്ങൾ!

**മുനീറ മുസ്തഫ ഉളിയിൽ**

**അറുപതാം** വാർഷികപ്പതിപ്പ് ഹൃദ്യമായി. കേരള സാംസ്‌കാരിക മണ്ഡലത്തിൽ ഇടപെടുന്ന പ്രമുഖരുമായി നടത്തിയ ദീർഘ സംഭാഷണങ്ങളാണ് ഏറ്റവും രുചികരമായത്. പ്രമുഖ എഴുത്തുകാരുടെ ഇസ്‌ലാം അനുഭവവും വേറിട്ട അനുഭൂതിയായി. എന്നാലും ചെറിയൊരു കുറവ് അനുഭവപ്പെട്ടു. നാഴികക്കല്ലുകൾ മുഴുവനായും പുരുഷകേന്ദ്രീകൃതമായിപ്പോയി. പ്രസ്ഥാനത്തോടൊപ്പം ആദ്യകാലം മുതലേ സഞ്ചരിക്കുന്ന ഒരുപാട് മഹിളാ രത്നങ്ങളുണ്ട് എന്നത് വാസ്തവം. അവരുടെ *പ്രബോധനം* അനുഭവവും കൂടി ഉണ്ടായിരുന്നെങ്കിൽ ഈ വായനാ വിരുന്ന് കൂടുതൽ മധുരതരമായേനെ!

**ഫിറോസ് ഖാൻ കല്ലുരുട്ടി**

**ഏറെ** കൊട്ടിഘോഷിക്കപ്പെട്ട 'ലൗ ജിഹാദ്' ഒടുവിൽ ആരോപിക്കുന്നവർക്ക് തന്നെ പാരയാകുമെന്ന് കണ്ടപ്പോൾ മാത്രമാണ് കോടതികൾ പോലും 'ജാഗരൂകമായി' വർത്തിച്ചത്. ഈ 'ജിഹാദ്' വിളികൾക്ക് വളംവെച്ചു നൽകുന്ന ചില 'നസീറു'മാരും മുസ്‌ലിം സമൂഹത്തിലുണ്ടെന്ന് വിസ്മരിക്കുന്നില്ല. ചെയ്യുന്നത് നസീറുമാർ ആകുന്നതുകൊണ്ട് അതിന്റെ പാപഭാരം മുഴുവൻ ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും മേൽ വെച്ചുകെട്ടുന്നു. ഈ അജണ്ടകൾ നടപ്പിലാക്കുന്നത് സാമ്രാജ്യത്വ-സയണിസ്റ്റ്-ഫാഷിസ്റ്റ് കൂട്ടുകെട്ടുകളാണെന്ന് കാണാൻ അധികമൊന്നും ആലോചിക്കേണ്ടതില്ല. ഇപ്പോൾ മതപരിവർത്തനം തടയുന്നതിന് വേണ്ടിയാണ് ചരടുവലികൾ നടന്നുകൊണ്ടിരിക്കുന്നത്. പക്ഷേ, യഥാർഥ 'മത'ത്തെ കണ്ടെത്തിയാൽ പിന്നെ അവർ 'മത'മല്ല, 'മന'മാണ് മാറ്റുകയെന്ന് ഇവർ ഓർക്കാതെ പോകുന്നു.

**നസീർ പള്ളിക്കൽ റിയാദ്**